LIBRARY ARCHIVES Kerala Legislative Assembly

തൃക്കരിപ്പൂരിൽ അനുവദിച്ച സബ് ട്രഷറി

233 (581) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂരിൽ അനുവദിച്ച സബ് ട്രഷറി പ്രവർത്തനം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഇതിനാവശ്യമായ സ്ഥലവും കെട്ടിടവും സൗജന്യമായി നൽകാൻ തയ്യാറായിട്ടും പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ലന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സബ് ട്രഷറി പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും, ട്രഷറി ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട പല പദ്ധതികളും പുരോഗമിച്ച് വരുന്നതിനാലും തൃക്കരിപ്പൂരിൽ ആരംഭിക്കുമെന്ന് പ്രഖ്യപിച്ച സബ് ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പരിശോധിച്ചു വരികയാണ്.

കേരള സംസ്ഥാന ലോട്ടറി സമ്മാനത്തുക

234 (582) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ലോട്ടറി വകുപ്പ് ഏതൊക്കെ പേരുകളിലായി എത്ര വിഭാഗം ലോട്ടറി ടിക്കറ്റുകളാണ് സംസ്ഥാനത്ത് വിറ്റഴിക്കുന്നത് ; ഓരോ ലോട്ടറിയുടെയും പേരും ടിക്കറ്റ് വിലയും സമ്മാനത്തുകയും എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;

(ബി) സമ്മാനാർഹമായ ടിക്കറ്റ് ഹാജരാക്കാത്തതിനാൽ സമ്മാനത്തുക നൽകാതിരുന്ന വകയിൽ കഴിഞ്ഞ 3 വർഷമായി സർക്കാരിന് എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) സമ്മാനാർഹമായ ടിക്കറ്റ് ഹാജരാക്കിയാൽ എത്ര നാളുകൾക്കുള്ളിൽ ജേതാവിന് തുക ലഭിക്കാറുണ്ട് ; ക്ലെയിം ചെയ്തിട്ടും ഇതുവരെ പണം വിതരണം ചെയ്യാത്ത എത്ര കേസ്സുകൾ ഇപ്പോൾ പെൻഡിംഗിലുണ്ട് ; എത്ര തുകയാണ് ഇങ്ങനെ വിതരണം ചെയ്യാതിരിക്കുന്നത് ; ഇത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) സമയബന്ധിതമായി സമ്മാന തുക വിതരണം ചെയ്യുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?